ഉത്തരം

(എ) സംസ്ഥാനത്തെ തെങ്ങിൻ തോപ്പുകളിൽ കമുക്, കൊക്കോ, കുരുമുളക്, ഗ്രാമ്പു, ജാതി, വിവിധതരം ഫലവൃക്ഷങ്ങൾ പച്ചക്കറി ഇനങ്ങൾ, ഔഷധ സസ്യങ്ങൾ എന്നിവ കൃഷി ചെയ്യുവാൻ കഴിയും.

(ബി) സാധിക്കുന്നതാണ്.

(സി) കൃഷി ഭവനുകളിലെ ഉദ്യോഗസ്ഥൻമാർ കൃഷിക്കാരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുമ്പോൾ ഇക്കാര്യത്തെക്കുറിച്ച് കൃഷിക്കാരെ ബോധവാൻമാരാക്കാറുണ്ട്.

2) വിവിധ ചർച്ചാക്ലാസ്സുകൾ, ശില്പശാല, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ച് പ്രചരണം നടത്താറുണ്ട്.

3) വിവിധ പത്രങ്ങളിലെ കാർഷിക പംക്തികളിൽ കൂടിയും കാർഷിക വാരികകളിലെ ലേഖനങ്ങൾ മുഖേനയും ഇക്കാര്യത്തെ സംബന്ധിച്ച് കർഷകർക്ക് അറിവ് ലഭിക്കുന്നുണ്ട്.

4) ടെലിവിഷൻ, റേഡിയോ തുടങ്ങിയ ദൃശ്യ- ശ്രവ്യ മാധ്യമങ്ങളിൽക്കൂടി പ്രചരണം നടത്തുന്നു.

144 (1604) ഇ.ഇ.സി. സഹായത്തോടെ നടപ്പാക്കിവരുന്ന കെ.എച്ച്.ഡി.പി. യുടെ കാലാവധി

ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ഇ.സി. സഹായത്തോടെ നടപ്പാക്കി വരുന്ന കെ.എച്ച്.ഡി.പി. യുടെ കാലാവധി കരാർ അനുസരിച്ച് എന്നാണ് പൂർത്തിയാക്കുന്നത്;

(ബി) എത്ര വർഷത്തേയ്ക്കായിരുന്നു കരാർ; എത്ര കോടി രൂപയുടെ വായ്പയുണ്ട്; എത്ര രൂപ ഗ്രാന്റായി ലഭിച്ചിട്ടുണ്ട്; കേരള സർക്കാർ നാളിതു വരെ എത്ര കോടി രൂപ നൽകിയിട്ടുണ്ട്;

(സി) കെ.എച്ച്.ഡി.പി. യിലെ ഉയർന്ന ഉദ്യോഗസ്ഥൻമാർ ആരൊക്കെയാണ്; ഇവർക്ക് എന്ത് ശമ്പളം നൽകുന്നുണ്ട്; ഓരോരുത്തരുടെയും തസ്തികയും അവർക്കു ലഭിച്ചുവരുന്ന ആകെ ശമ്പളവും എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) മറ്റേതെങ്കിലും ഡിപ്പാർട്ട്മെന്റിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്നവർ എത്ര പേരുണ്ട്; അവർക്ക് ഓരോരുത്തർക്കും നൽകുന്ന ശമ്പളം എത്ര വീതം ആണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 31.12.1999 - ൽ

(ബി) ഏഴു വർഷത്തേയക്ക്. മൊത്തം പദ്ധതി അടങ്കൽ 131.45 കോടി രൂപയാണ്. ഇതിൽ 102.54 കോടി രൂപ ഇ.ഇ.സി ഗ്രാന്റായി കേന്ദ്രസർക്കാരിനു നൽകുന്നു. 28.91 കോടി രൂപ കേരള സർക്കാരിന്റെ വിഹിതമാണ്. കേരള സർക്കാർ നാളിതുവരെ 67.54 കോടി രൂപ പ്രോഗ്രാമിനു നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) അനുബന്ധം (1) കാണുക.

(ഡി) അനുബന്ധം (2) കാണുക†

145 (1605) കെ.എച്ച്.ഡി.പി.

ശ്രീ. പി. രാജു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇ.ഇ.സി. സഹായത്തോടെ നടപ്പാക്കി വരുന്ന കെ.എച്ച്.ഡി.പി. യിൽ ഇപ്പോൾ എത്ര സ്റ്റാഫുണ്ട്; ഇവർ ഏതൊക്കെ തസ്തികയിലാണ് വർക്കു ചെയ്യുന്നത്; ഇവർക്ക് നൽകുന്ന ശമ്പളം എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) കെ.എച്ച്.ഡി.പി. യുടെ കാലാവധി അവസാനിക്കുന്ന മുറയ്ക്ക് കൗൺസിൽ രൂപീകരിക്കുവാനുള്ള പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(സി) ഇത് സംബന്ധിച്ച് എന്തെങ്കിലും പ്രാഥമിക റിപ്പോർട്ടുകൾ സർക്കാരിനു ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിൻമേൽ എന്തു നടപടിയെടുത്തു എന്ന് വ്യക്തമാക്കുമോ;

(ഡി) കെ.എച്ച്.ഡി.പി. യുടെ കീഴിൽ എത്ര സ്ഥാപനങ്ങൾ ഉണ്ട്; എവിടെയൊക്കെയാണ്; അവിടെ നടപ്പാക്കുന്ന ശമ്പള വ്യവസ്ഥ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കെ.എച്ച്.ഡി.പി. യിൽ ഇപ്പോൾ ആകെ 236 സ്റ്റാഫ് ഉണ്ട്. ഇവരുടെ തസ്തികകൾ, ശമ്പളം എന്നിവ അനുബന്ധം 1-ൽ ചേർത്തിരിക്കുന്നു.†

(ബി) കൗൺസിൽ രൂപീകരണം സംബന്ധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാനായി രൂപീകരിച്ച സമിതി നാലു ചർച്ചകൾ നടത്തിയിട്ടുണ്ട്. ചർച്ചകൾ പൂർണ്ണമായിട്ടില്ല.

(സി) മേൽസൂചിപ്പിച്ച സമിതിയുടെ കരടുരേഖ തയ്യാറാക്കിയിട്ടുണ്ട്. സമിതിയുടെ റിപ്പോർട്ട് സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടില്ല.

(ഡി) മൂന്ന് സ്ഥാപനങ്ങൾ:- പ്രോഗ്രാം ഡയറക്ടറേറ്റ്, എറണാകുളം; പഴം സംസ്കരണ ഫാക്ടറി, മൂവാറ്റുപുഴ; വിത്തു സംസ്കരണ ഫാക്ടറി, ആലത്തൂർ. ഈ സ്ഥാപനങ്ങളിൽ കൃഷിവകുപ്പിൽ നിന്നും ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുള്ള ജീവനക്കാർക്ക് അതാത് തസ്തികയിലുള്ള സർക്കാർ ശമ്പള സ്കെയിലിൽ അർഹമായ മൊത്ത ശമ്പളവും, കോൺട്രാക്റ്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുള്ളവർക്ക് കൺസോളിഡേറ്റഡ് ശമ്പളവുമാണ് നൽകുന്നത്. പ്രത്യേക ശമ്പള സ്കെയിലുകൾ നിലവിലില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly